## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1541 — 11.08.2017 - ൽ മറുപടിക്ക്.

## കുടുംബശ്രീ സംരംഭകത്വ വികസന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീയുടെ സംരംഭകത്വ വികസന പരിപാടിയിൽ ഉൾപ്പെടുത്തിയ, സ്റ്റാർട്ട് അപ് വില്ലേജ് സംരംഭകത്വ വികസന പരിപാടി നടപ്പാക്കുന്നതിലേക്ക് എത്ര പദ്ധതികൾക്കാണ് പുതിയതായി അംഗീകാരം ലഭിച്ചിട്ടുള്ളത്; ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) സ്റ്റാർട്ട് അപ്പ് വില്ലേജ് സംരംഭകത്വ വികസന പരിപാടി നടപ്പാക്കുന്നതിന് 12 പദ്ധതികൾക്കാണ് പുതുതായി അംഗീകാരം ലഭിച്ചിട്ടുള്ളത്. ഒരു ജില്ലയിൽ ഒരു ബ്ലോക്കിൽ വീതം 12 ജില്ലകളിലാണ് പദ്ധതി നടപ്പിലാവുക. നിലവിൽ പത്തനംതിട്ട, എറണാകുളം ജില്ലകളിലെ ഓരോ ബ്ലോക്കിൽ വീതം പദ്ധതി നടന്നു വരികയാണ്. പുതിയതായി 12 പദ്ധതികൾക്കു കൂടി അംഗീകാരം ലഭിച്ചതോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ ബ്ലോക്കിൽ വീതം പദ്ധതി നടപ്പിൽ വരും. |
| (ബി) ഏതൊക്കെ തരത്തിലുള്ള സംരംഭങ്ങൾക്ക് ഈ പദ്ധതി മുഖേന സഹായം നല്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ വിശദമാക്കുമോ? | (ബി) കാർഷികേതരവും കാർഷികാധിഷ്ഠിതവുമായ സംരംഭങ്ങൾ തുടങ്ങുന്നതിന് ദരിദ്രഗ്രാമീണ ജനവിഭാഗങ്ങൾക്ക് സഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു ബ്ലോക്കിൽ ഏതാണ്ട് രണ്ടായിരം സൂക്ഷ്മസംരംഭങ്ങൾക്കുവരെ സഹായം നൽകാൻ പദ്ധതി വിഭാവനം ചെയ്യുന്നു. പ്രധാനമായും രണ്ടുതരത്തിലുള്ള സഹായമാണ് ലഭ്യമാവുക. സംരംഭം തുടങ്ങാൻ താല്പര്യമുള്ള വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും പരിശീലനം നൽകലും സംരംഭത്തിനുള്ള വിശദമായ പദ്ധതികൾ തയ്യാറാക്കലുമാണ് ആദ്യ സഹായം. സംരംഭകരെ ഈ ഘട്ടത്തിൽ തെരഞ്ഞെടുക്കേണ്ടത് കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിലൂടെയാണ്. |

പരിശീലനം പൂർത്തിയാവുകയും പദ്ധതിയുടെ സാധ്യത ഉറപ്പാക്കപ്പെടുകയും ചെയ്തു കഴിഞ്ഞാൽ സംരംഭകർക്ക് വായ്പാസഹായത്തിന് അർഹതയുണ്ടായിരിക്കും. പദ്ധതിയുടെ ഭാഗമായുള്ള കമ്മ്യൂണിറ്റി സംരംഭനിധിയിൽ നിന്ന് ചെറിയ തുകയ്ക്കുള്ള വായ്പയും തുടർന്ന് ബാങ്ക് വായ്പയും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഈ ഘട്ടത്തിൽ നടക്കും. സംരംഭം തുടങ്ങിക്കഴിഞ്ഞാൽ 6 മാസം വരെ സംരംഭകർക്ക് സാങ്കേതിക സഹായം നൽകിയിരിക്കണമെന്ന് പദ്ധതി നിഷ്കർഷിക്കുന്നുണ്ട്. കുടുംബശ്രീ ജില്ലാമിഷനുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ നിർവഹണ ഏജൻസി കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനാണ്.

സെക്ഷൻ ഓഫീസർ